# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. ടി 2144 17.06.2014-ലെ മറുപടിക്ക്**

**ശമ്പളപരിഷ്ക്കരണത്തിന്റെ ടേംസ് ഓഫ് റഫറൻസ്**

| | ചോദ്യം<br>**ശ്രീ. കെ. വി. വിജയദാസ്** | ഉത്തരം<br>**ശ്രീ. കെ.എം. മാണി**<br>**ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി** |
|---|---|---|
| (എ) | സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പത്താം ശമ്പള പരിഷ്ക്കരണം 01-07-2014 മുതൽതന്നെ പ്രാബല്യം നൽകിക്കൊണ്ട് സമയബന്ധിതമായി ഉത്തരവ് പുറപ്പെടുവിക്കുമോ; ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ; | പത്താം ശമ്പള കമ്മീഷന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് സേവന വേതന വ്യവസ്ഥകൾ പുതുക്കി നടപ്പാക്കുന്നതാണ്. |
| (ബി) | ശമ്പളപരിഷ്ക്കരണത്തിന്റെ ടേംസ് ഓഫ് റഫറൻസ് സർവ്വീസ് സംഘടനകളുമായി ചർച്ചചെയ്ത് അന്തിമ രൂപം കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; ഇല്ലെങ്കിൽ എന്തു കൊണ്ടെന്നു വ്യക്തമാക്കുമോ; | കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് 22.02.2014 ലെ സ.ഉ.(കൈ) 79/2014/ധന പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (സി) | ശമ്പള പരിഷ്ക്കരണമല്ല പകരം ഭരണപരിഷ്ക്കാരമാണ് വേണ്ടതെന്നുള്ള പത്താം ശമ്പള കമ്മീഷൻ ചെയർമാന്റെ അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലുള്ള നയം വ്യക്തമാക്കുമോ; | അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | സ്റ്റേറ്റ് സിവിൽ സർവ്വീസിന്റെ രൂപീകരണം സംബന്ധിച്ച നിർദ്ദേശങ്ങൾ പത്താം ശമ്പള കമ്മീഷന്റെ പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | പത്താം ശമ്പള കമ്മീഷന്റെ പരിഗണനാ വിഷയങ്ങളിൽ സ്റ്റേറ്റ് സിവിൽ സർവ്വീസിന്റെ രൂപീകരണം ഉൾപ്പെടുന്നില്ല. എന്നാൽ ഇപ്പോഴത്തെ സിവിൽ സർവ്വീസ് സംവിധാനം മൊത്തത്തിൽ വിലയിരുത്താനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതടക്കമുള്ള നിർദ്ദേശങ്ങൾ നൽകാനുമുള്ള കാര്യം ടേംസ് ഓഫ് റഫറൻസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ